നാൾവഴികൾ - 2

കെ.എം അബ്ദുൽ അഹദ് തങ്ങൾ/സദ്റുദ്ദീൻ വാഴക്കാട്

# മുസ്‌ലിം ലീഗിൽനിന്ന് ജമാഅത്തെ ഇസ്‌ലാമിയിലേക്ക്



**തലശ്ശേരി** ബ്രണ്ണൻ കോളേജിൽ പഠിക്കുമ്പോൾ ക്ലാസ് കഴിഞ്ഞാൽ ഞാൻ ഉടനെ അടുത്തുള്ള ലീഗ് ഓഫീസിലേക്ക് പോകും. അവിടെ മുഹമ്മദ് മൗലവി ഉണ്ടാകും. അദ്ദേഹം പുളിക്കൽ സ്വദേശിയും നല്ല പണ്ഡിതനും പ്രസംഗകനുമായിരുന്നു. അദ്ദേഹത്തോട് സംസാരിക്കാം, പത്രം വായിക്കാം ഇതെല്ലാമായിരുന്നു ലക്ഷ്യം. അവിടെ പള്ളിയിൽ ഉമർകുട്ടിയെന്ന ഒരാൾ ഉണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ കൈയിൽ മൗദൂദി സാഹിബിന്റെ ഒരു പുസ്തകം കണ്ടു. ഞാനത് വാങ്ങി വായിച്ചു. മദ്രാസിൽ നടന്ന ജമാഅത്ത് സമ്മേളനത്തിലെ പ്രസംഗമായിരുന്നു അത്. പ്രസ്തുത സമ്മേളനത്തിലാണ് മുസ്‌ലിംലീഗുകാർ പ്രശ്നമുണ്ടാക്കിയത്. 'ഇന്ത്യൻ യൂനിയനും ഇസ്‌ലാമിക പ്രസ്ഥാനവും' എന്നായിരുന്നു പുസ്തകത്തിന്റെ പേര്. ആ പുസ്തകം എന്നെ ഏറെ ആകർഷിച്ചു. പുസ്തകം വായിച്ചപ്പോൾ എനിക്ക് വല്ലാത്ത അത്ഭുതം തോന്നി. ഇന്ത്യ സമീപഭാവിയിൽ വിഭജിക്കപ്പെടാൻ പോവുകയാണെന്ന് മൗദൂദി സാഹിബ് അതിൽ പറഞ്ഞു. വിഭജന ശേഷം ഇന്ത്യൻ മുസ്‌ലിംകൾ എന്തു ചെയ്യണമെന്നതിന് നാല് നിർദേശങ്ങൾ അദ്ദേഹം സൂചിപ്പിച്ചിരുന്നു. പിന്നീട് *ഖുത്ബാത്തും ഇസ്‌ലാം*മതവും ഞാൻ വായി

ക്കുകയുണ്ടായി.

മാഹിയിലെ മയ്യലവിയ്യ മദ്റസയിൽ മോറൽ സ്റ്റഡീസ് എടുത്തിരുന്ന മുഹമ്മദ് മൗലവി കോൺഗ്രസ് പ്രവർത്തകനായിരുന്നു. അദ്ദേഹം *ഇസ്ലാംമതം* വായിച്ചാണ് ക്ലാസ്സെടുത്തിരുന്നതെന്ന് പിന്നീട് *ഇസ്ലാംമതം* വായിച്ചപ്പോഴാണ് എനിക്ക് മനസ്സിലായത്. ഹൈസ്കൂളിൽ പഠിക്കുന്ന കാലം ഞാൻ ലീഗുകാരനും സജീവ എം.എസ്.എഫ് പ്രവർത്തകനും പാകിസ്താൻ അനുകൂലിയുമായിരുന്നു. സി.എച്ച് മുഹമ്മദ് കോയ മലബാർ എം.എസ്.എഫിന്റെ പ്രസിഡന്റായിരുന്ന സമയത്ത് ഞാൻ സ്റ്റേറ്റ് കൗൺസിൽ അംഗമായിരുന്നു.

**മാഹിയിലെ മയ്യലവിയ്യ മദ്റസയിൽ മോറൽ സ്റ്റഡീസ് എടുത്തിരുന്ന മുഹമ്മദ് മൗലവി കോൺഗ്രസ് പ്രവർത്തകനായിരുന്നു. അദ്ദേഹം *ഇസ്ലാംമതം* വായിച്ചാണ് ക്ലാസ്സെടുത്തിരുന്നതെന്ന് പിന്നീട് *ഇസ്ലാംമതം* വായിച്ചപ്പോഴാണ് എനിക്ക് മനസ്സിലായത്. ഹൈസ്കൂളിൽ പഠിക്കുന്ന കാലം ഞാൻ ലീഗുകാരനും സജീവ എം.എസ്.എഫ് പ്രവർത്തകനും പാകിസ്താൻ അനുകൂലിയുമായിരുന്നു. സി.എച്ച് മുഹമ്മദ് കോയ മലബാർ എം.എസ്.എഫിന്റെ പ്രസിഡന്റായിരുന്ന സമയത്ത് ഞാൻ സ്റ്റേറ്റ് കൗൺസിൽ അംഗമായിരുന്നു.**

### ഐ.സി.ജെ

മാഹിക്കടുത്ത ചൊക്ലിയിൽ ഐ.സി.ജെ എന്ന പേരിൽ ഒരു സംഘടനയുണ്ടായിരുന്നു. മുസ്‌ലിംലീഗുകാരനായ കെ.കെ അബു സാഹിബായിരുന്നു അതിന്റെ നേതാവ്. ഐ.സി.ജെ എന്ന പേരിൽ ഒരു ബാഡ്ജ് ഇറക്കിയിരുന്നു. ഐ.സി.ജെ പ്രവർത്തകർ അത് ഷർട്ടിന്റെ പോക്കറ്റിൽ കുത്തി നടക്കുമായിരുന്നു. ഒറ്റപ്പാലത്തെ എസ്.കെ.എസ് തങ്ങൾ, പി.വി അഹ്മദ് തുടങ്ങിയവർ ഐ.സി.ജെയുടെ പ്രധാന പ്രവർത്തകരായിരുന്നു. ഞാനും അതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുണ്ട്. ലീഗുകാർക്കു മാത്രമേ അതിൽ അംഗത്വം ലഭിച്ചിരുന്നുള്ളൂ. ഐ.സി.ജെക്ക് കീഴിൽ എം.ബി.എസ് (മുസ്‌ലിം ബാലസംഘം) എന്നൊരു വിദ്യാർഥി സംഘവുമുണ്ടായിരുന്നു. മാഹി, വില്യാപ്പള്ളി, പയ്യോളി, വടകര തുടങ്ങിയ സ്ഥലങ്ങളിൽ അതിനു ശാഖകൾ ഉണ്ടായിരുന്നു. കെ.കെ അബു സാഹിബ് കുറച്ചുകാലം ലീഗിന്റെ സജീവ പ്രവർത്തകനായിരുന്നു. പിന്നീട് ലീഗ് വിരോധിയും സോഷ്യലിസ്റ്റ് ആശയക്കാരനുമായി മാറി. കുറച്ചു കഴിഞ്ഞശേഷം വീണ്ടും അദ്ദേഹം ലീഗിലേക്കുതന്നെ തിരിച്ചുവന്നിരുന്നു. കഴിവുറ്റ പ്രസംഗകനായിരുന്നു കെ.കെ അബു സാഹിബ്. രസികൻ പ്രസംഗമായിരുന്നു അദ്ദേഹത്തിന്റേത്. ജമാഅത്തിനോട് കടുത്ത എതിർപ്പുള്ള വ്യക്തിയായിരുന്നു അദ്ദേഹം. പിന്നീട് അതിൽ കുറച്ചൊക്കെ മാറ്റം വന്നിരുന്നുവെന്നാണ് തോന്നുന്നത്.

സംഘടനയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ഒ.കെ മൊയ്തു സാഹിബും കെ.കെ അബു സാഹിബും ഹാജി സാഹിബുമായി കത്തിടപാടുകൾ നടത്തിയിരുന്നു. ജമാഅത്തിനെക്കുറിച്ച കുറേ ചോദ്യങ്ങളാണ് അവർ ഉന്ന

സി.എച്ച് മുഹമ്മദ് കോയ ●





മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് ●

യിച്ചിരുന്നത്. ഹാജി സാഹിബ് അതിന് മറുപടി അയച്ചിരുന്നു. കെ.സിയുടെ കൈയക്ഷരത്തിൽ നാൽപത് പേജുള്ള ഒരു നോട്ടുബുക്കിലായിരുന്നു മറുപടി.

## ഹാജി സാഹിബും പട്ടാളപ്പള്ളിയിലെ ഖുത്ബയും

1948-ൽ കോഴിക്കോട് കുറ്റിച്ചിറയിൽ ഒരു ജമാഅത്ത് പൊതുയോഗം നടന്നു. അതിൽ ഞാനും ചൊക്ലിയിലെ ഒ.കെ മൊയ്തു സാഹിബും അഡ്വ. ഉസ്മാനും പങ്കെടുക്കുകയുണ്ടായി. അഡ്വ. ഉസ്മാൻ എന്റെ അടുത്ത സുഹൃത്തായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽവെച്ച് ധാരാളം ക്ലാസ്സുകൾ പിന്നീട് സംഘടിപ്പിക്കുകയുണ്ടായി.

കുറ്റിച്ചിറയിൽ നടന്ന യോഗത്തിൽ അബുല്ലൈസ് സാഹിബും ഹാജി സാഹിബും പങ്കെടുത്തിരുന്നു. ഹാജി സാഹിബിന് അന്ന് കോഴിക്കോട് പട്ടാളപ്പള്ളിയിലായിരുന്നു ഖുത്ബ. ഞങ്ങൾ അവിടെയാണ് രാത്രി താമസിച്ചിരുന്നത്. കോഴിക്കോട് പട്ടാളപ്പള്ളിയിൽ നാലഞ്ചു വർഷത്തോളം ഹാജി സാഹിബ് ഖുത്ബ നടത്തിയിരുന്നുവെന്നാണ് ഓർമ. ആലിക്കോയ ഹാജി, അബൂബക്കർ ഹാജി, കുഞ്ഞോയി വൈദ്യർ തുടങ്ങിയ മുജാഹിദ് ആശയക്കാരായിരുന്നു ഹാജിസാഹിബിനെ ഖത്വീബായി നിശ്ചയിച്ചത്. കുഞ്ഞോയി വൈദ്യരുടെ സഹായത്തോടെ ഹാജി സാഹിബ് കോഴിക്കോട്ട് പല സ്റ്റഡി ക്ലാസ്സുകളും നടത്തിയിരുന്നു. അന്നൊന്നും മുജാഹിദുകാർക്ക് ജമാഅത്തിനോട് ഇന്നത്തേതുപോലെയുള്ള ശക്തമായ വിരോധം ഉണ്ടായിരുന്നില്ല. എതിർപ്പൊക്കെ പിൽക്കാലത്ത് ഉണ്ടാക്കിയതാണ്.

പട്ടാളപ്പള്ളിയിൽ ഖുത്ബ നടത്തിയിരുന്ന കാലത്ത് ഹാജി സാഹിബ് മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബുമായി ജമാഅത്തിനെക്കുറിച്ച് സംസാരിക്കാൻ തീരുമാനിച്ചിരുന്നു. പട്ടാളപ്പള്ളിയിൽ വെച്ച് ഒരു ദിവസം രാത്രി സംസാരിക്കാം എന്ന് ഇരുവരും ധാരണയായി. അന്ന് മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിന് കൊടിയത്തൂരിലായിരുന്നു പരിപാടി. അതുകഴിഞ്ഞ് നേരെ പട്ടാളപ്പള്ളിയിൽ

**പട്ടാളപ്പള്ളിയിൽ ഖുത്ബ നടത്തിയിരുന്ന കാലത്ത് ഹാജി സാഹിബ് മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബുമായി ജമാഅത്തിനെക്കുറിച്ച് സംസാരിക്കാൻ തീരുമാനിച്ചിരുന്നു. പട്ടാളപ്പള്ളിയിൽ വെച്ച് ഒരു ദിവസം രാത്രി സംസാരിക്കാം എന്ന് ഇരുവരും ധാരണയായി. അന്ന് മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിന് കൊടിയത്തൂരിലായിരുന്നു പരിപാടി. അതുകഴിഞ്ഞ് നേരെ പട്ടാളപ്പള്ളിയിൽ എത്താം എന്നായിരുന്നു നിശ്ചയിച്ചിരുന്നത്. പക്ഷേ, കൊടിയത്തൂരിൽനിന്ന് പരിപാടി കഴിഞ്ഞ് മടങ്ങുന്ന വഴി മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് മരണപ്പെടുകയായിരുന്നു.**

എത്താം എന്നായിരുന്നു നിശ്ചയിച്ചിരുന്നത്. പക്ഷേ, കൊടിയത്തൂരിൽനിന്ന് പരിപാടി കഴിഞ്ഞ് മടങ്ങുന്ന വഴി മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് മരണപ്പെടുകയായിരുന്നു. ആ സംസാരം നടന്നിരുന്നെങ്കിൽ അദ്ദേഹം ജമാഅത്ത് പ്രവർത്തകനാകുമായിരുന്നു എന്നാണ് എന്റെ വിശ്വാസം. കാരണം അത്രക്ക് ഇസ്‌ലാമിക സ്പിരിറ്റുള്ള ആളായിരുന്നു അദ്ദേഹം. പരിപാടികൾ നടക്കുമ്പോൾ നമസ്കാര സമയമായാൽ പള്ളിയിൽ പോകാൻ സാധ്യമല്ലെങ്കിൽ സ്റ്റേജിൽ വെച്ച് തന്നെ അദ്ദേഹം നമസ്കരിക്കാറുണ്ടായിരുന്നുവെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്.

### മദീനത്തുൽ ഉലൂം വിടുന്നു

ആദ്യകാലത്ത് ഞാൻ വായിച്ച പുസ്തകങ്ങളിലൊന്നാണ് *സത്യസാക്ഷ്യം*. മൂന്ന് തവണ ഞാൻ ആ പുസ്തകം വായിച്ചിട്ടുണ്ട്. പുസ്തക വായനയും വിവിധ യോഗങ്ങളിൽ പങ്കെടുക്കുകയും വഴി തലശ്ശേരിയിൽ വിദ്യാർഥിയായിരുന്ന സമയത്തുതന്നെ എനിക്ക് ജമാഅത്തിന്റെ ആശയങ്ങൾ അറിയാനും പഠിക്കാനും സാധിച്ചിരുന്നു. പ്രസ്ഥാനത്തോട് നല്ല അടുപ്പവും താൽപര്യവും എന്റെ മനസ്സിലുണ്ടായിരുന്നു. ഈ അവസ്ഥയിലാണ് ഞാൻ പുളിക്കൽ മദീനത്തുൽ ഉലൂമിലേക്ക് പോകുന്നത്. ജമാഅത്തിന്റെ ചില പുസ്തകങ്ങൾ പുളിക്കലേക്ക് പോകുമ്പോഴും എന്റെ ബാഗിലുണ്ടായിരുന്നു. പക്ഷേ അതെല്ലാം അവിടെ ശിക്ഷാർഹമായ കുറ്റമായിരുന്നുവെന്ന് പിന്നീടാണ് മനസ്സിലായത്. മദീനത്തിൽ ഞാൻ എത്തുമ്പോൾ ജമാഅത്തിനെതിരായ ഒഴുക്കാണ് ഉണ്ടായിരുന്നത്. പ്രിൻസിപ്പലായിരുന്ന എം.സി.സി അബ്ദുർറഹ്മാൻ മൗലവിയുടെ സ്വന്തം ആളായിട്ടാണ് കെ.പി.കെ അഹ്മദ് മൗലവി പ്രവർത്തിച്ചിരുന്നത്. ടി.കെയുടെയും ഇസ്ഹാഖലി മൗലവിയുടെയും ചലനങ്ങൾ എം.സി.സിയെ അറിയിച്ചിരുന്നത് കെ.പി.കെ ആയിരുന്നു. കെ.പി.കെ പിന്നീട് കാസർകോട് ആലിയയിൽ എത്തിയ ശേഷമാണ് ജമാഅത്ത് പ്രവർത്തകനായി മാറിയത്.

ഞാൻ ജമാഅത്ത് ആശയക്കാരനാണെന്ന് മദീനത്തിന്റെ അധികൃതർക്ക് എങ്ങനെയോ മനസ്സിലായി. ജമാഅത്തിനോട് താൽപര്യമുണ്ടായിരുന്നെങ്കിലും പ്രവർത്തകനായി മാറിയിട്ടുണ്ടായിരുന്നില്ല. ആയിടെയാണ് ജമാഅത്തിന്റെ ഒരു വാർഷിക സമ്മേളനം കുറ്റ്യാടിയിൽ നടന്നത്. അതിൽ പങ്കെടുക്കാൻ ആഗ്രഹമു



കെ.കെ അബു ●



അഡ്വ. ഉസ്മാൻ ●

ണ്ടായി. കോളേജിൽനിന്ന് ലീവെടുത്തു. പക്ഷേ, പനി പിടിച്ചതിനാൽ കുറ്റ്യാടിയിൽ പോകാനായില്ല. 1950 ഡിസംബർ 29,30 തീയതികളിൽ വളപട്ടണം സമ്മേളനം നടന്നു. അന്ന് പുളിക്കൽനിന്ന് ഞാനും സഅദുദ്ദീൻ മൗലവിയും പി.എം. സ്വാദിഖ് മൗലവിയും (*അൽഫാറൂഖ്* പത്രാധിപർ) അതിൽ പങ്കെടുത്തു. ഞാൻ ആദ്യമായി പങ്കെടുത്ത സമ്മേളനമായിരുന്നു അത്. സഅദുദ്ദീൻ മൗലവി അന്ന് 'ഹംദർദാ'യിരുന്നു. എനിക്കും 'ഹംദർദ്' ആകണമെന്ന് ആഗ്രഹമുണ്ടായിരുന്നു. ഞാൻ ഹാജി സാഹിബിന് അപേക്ഷ കൊടുത്തു.

ജമാഅത്തെ ഇസ്‌ലാമി ബത്തേരി ഹൽഖ ഇറക്കിയ പതിനൊന്ന് ചാർട്ടുകൾ സമ്മേളന നഗരിയിൽ വിൽപനക്കുണ്ടായിരുന്നു. അതിൽ മൂന്നെണ്ണം ഞാൻ വാങ്ങി. പുളിക്കൽ ഞങ്ങൾ നാലു അധ്യാപകർ ഒരേ റൂമിലായിരുന്നു താമസിച്ചിരുന്നത്. ആ റൂമിൽ ഞാൻ കിടക്കുന്ന ഭാഗത്ത് ചുമരിൽ അതിലൊന്ന് ഒട്ടിച്ചു. കെ.എന്നിനു അത് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ഒരു കലണ്ടറെടുത്ത് അതിന്റെ മറുഭാഗത്ത് (അന്ന് കലണ്ടറിൽ ഒരു പുറം മാത്രമേ അച്ചടിക്കാറുണ്ടായിരുന്നുള്ളൂ) എഴുതി: 'അന്ധതയിൽനിന്ന് ഉടലെടുത്ത പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി'. അങ്ങനെ രണ്ട് പോസ്റ്ററുകൾ ഒരു റൂമിൽ. അദ്ദേഹത്തിന്റേത് കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം തന്നെ കീറിക്കളഞ്ഞു. ഞാൻ അവിടം വിടുന്നതുവരെ എന്റെ പോസ്റ്റർ റൂമിലുണ്ടായിരുന്നു.

ഒരു ദിവസം രാത്രി പന്ത്രണ്ട് മണിക്ക് ശേഷം എം.സി.സി അബ്ദുർറഹ്മാൻ മൗലവി എന്നെ വിളിച്ച്, ജമാഅത്തിനെക്കുറിച്ച് കുറേ സംസാരിച്ചു. 'ഇബാദത്താ'യിരുന്നു മുഖ്യ വിഷയം. ജമാഅത്ത് ഇസ്‌ലാമികമല്ല, പിഴച്ച സംഘടനയാണ്, അതുമായി അടുക്കരുത് എന്നൊക്കെ അദ്ദേഹം ഉപദേശിച്ചു. ഏകദേശം ഒരു മണിക്കൂർ അദ്ദേഹം 'വഅ്ള്' പറഞ്ഞു. അദ്ദേഹം വലിയ പണ്ഡിതൻ. ഞാൻ മറുപടിയൊന്നും പറഞ്ഞില്ല. അദ്ദേഹത്തിന്റെ ഉപദേശം തീർന്നപ്പോൾ ഞാൻ

**ഒരു ദിവസം രാത്രി പന്ത്രണ്ട് മണിക്ക് ശേഷം എം.സി.സി അബ്ദുർറഹ്മാൻ മൗലവി എന്നെ വിളിച്ച്, ജമാഅത്തിനെക്കുറിച്ച് കുറേ സംസാരിച്ചു. ഇബാദത്തായിരുന്നു മുഖ്യ വിഷയം. ജമാഅത്ത് ഇസ്‌ലാമികമല്ല, പിഴച്ച സംഘടനയാണ്, അതുമായി അടുക്കരുത് എന്നൊക്കെ അദ്ദേഹം ഉപദേശിച്ചു. ഏകദേശം ഒരു മണിക്കൂർ അദ്ദേഹം 'വഅ്ള്' പറഞ്ഞു. അദ്ദേഹം വലിയ പണ്ഡിതൻ. ഞാൻ മറുപടിയൊന്നും പറഞ്ഞില്ല.**

റൂമിലേക്ക് പോന്നു. ഒരുപക്ഷേ ഞാൻ റൂമിൽ പോസ്റ്റർ ഒട്ടിച്ചതായിരിക്കണം അദ്ദേഹത്തെ സംസാരിക്കാൻ പ്രേരിപ്പിച്ചത്. പിന്നീട് എന്നെ സംശയത്തോടെ വീക്ഷിക്കാൻ തുടങ്ങി. ആ സമയത്ത് ജമാഅത്തുമായി ബന്ധമുള്ള വിദ്യാർഥികൾ പലരീതിയിൽ അവിടെനിന്ന് പോയിക്കഴിഞ്ഞിരുന്നു. ഇസ്ഹാഖലി മൗലവി ഒരു ദിവസം വരാൻ വൈകിയതിന് അദ്ദേഹത്തിന്റെ ഭക്ഷണം നിർത്തലാക്കി. അതോടെ പഠനം തുടരാനാവാതെ അദ്ദേഹം പോയി. സ്ഥാപനത്തിന്റെ അന്തരീക്ഷം മോശമായതിനാൽ മറ്റു പലരും ഇടക്ക് പഠനം നിർത്തിപ്പോവുകയായിരുന്നു. ജമാഅത്ത് മനഃസ്ഥിതിയുള്ള കുട്ടികളെല്ലാം പിരിഞ്ഞുപോയതോടെ സ്ഥാപനത്തിൽ തുടരുന്നത് ദുസ്സഹമായി എനിക്കും തോന്നി.

## എടയൂരിലേക്കുള്ള യാത്ര

ഇസ്‌ലാമിക പ്രസ്ഥാനത്തോടുള്ള സ്നേഹവും, അതിന്റെ മാർഗത്തിൽ പ്രവർത്തിക്കാനുള്ള ആഗ്രഹവും മനസ്സിൽ സജീവമായിരുന്നു. പുളിക്കൽ മദീനത്തുൽ ഉലൂമിലെ ജീവിതം അതിന് തടസ്സമാണെന്ന് അനുഭവത്തിലൂടെ ബോധ്യം വരികയും ചെയ്തു. ഇനിയെന്താണ് വഴിയെന്നായി എന്റെ ചിന്ത.

അങ്ങനെയിരിക്കെ ഒരു ദിവസം, കൊണ്ടോട്ടിയിൽ ഹാജിസാഹിബിന്റെ ക്ലാസ് ഉണ്ടെന്ന് അറിഞ്ഞു. പുളിക്കൽ കോളേജിൽവെച്ച് ഇസ്ഹാഖലി മൗലവിയാണ് എന്നോട് വിവരം പറഞ്ഞത്. വൈകുന്നേരം ഞങ്ങൾ രണ്ടു പേരും കൊണ്ടോട്ടിയിലേക്ക് പുറപ്പെട്ടു. ക്ലാസ് കഴിഞ്ഞപ്പോൾ ഹാജി സാഹിബ് *പ്രബോധന*ത്തിലേക്ക് ഒരു ക്ലർക്കിനെ ആവശ്യമുണ്ടെന്ന് പറഞ്ഞു. അതുകേട്ട ഉടനെ ഞാൻ പറഞ്ഞു: എന്നെ പറ്റുമെങ്കിൽ ഞാൻ വരാം.

ഹാജി സാഹിബ് ഇസ്ഹാഖലി മൗലവിയോട് എന്നെക്കുറിച്ച് ചോദിച്ചു. അദ്ദേഹം അനുകൂലമായി മറുപടി നൽകി. അതോടെ വളാഞ്ചേരിയിലെ ജമാഅത്ത് കേന്ദ്രത്തിലേക്കുള്ള എന്റെ യാത്ര തീരുമാനമായി. 1951-ലായിരുന്നു ഇത്.

## ആദ്യയാത്ര

മുമ്പൊരിക്കൽ ഞാൻ വളാഞ്ചേരിയിൽ പോയിട്ടുണ്ട്. പുളിക്കൽ മദീനത്തിൽ വിദ്യാർഥിയായി ചേർന്ന ഉടനെയായിരുന്നു അത്. തളിക്കുളം പി.എം അബു സാഹിബും ഞാനും ഒന്നിച്ചായിരുന്നു പോയത്. ജമാഅത്തെ ഇസ്‌ലാമിയുടെ കേന്ദ്രം കാണുകയെന്നതായിരുന്നു യാത്രയുടെ ലക്ഷ്യം. രാവിലെ പുളിക്കലിൽനിന്ന് പുറപ്പെട്ട ഞങ്ങൾ പതിനൊന്ന് മണിയോടെയാണ് വളാഞ്ചേരിയിലെത്തിയത്. അന്ന് വളാഞ്ചേരിയിലായിരുന്നു ഹൽഖാ കേന്ദ്രം. ജംഗ്ഷനിലെ ഒരു ബിൽഡിംഗിലായിരുന്നു ഓഫീസ്. പിന്നീടാണ് ഓഫീസ് എടയൂരിലേക്ക് മാറ്റിയത്.

ഹാജിസാഹിബിനെ കാണലായിരുന്നു ഞങ്ങളുടെ പ്രധാന ഉദ്ദേശ്യം. പക്ഷേ അദ്ദേഹം സ്ഥലത്തുണ്ടായിരുന്നില്ല. പ്രസ്ഥാന ആവശ്യത്തിനുവേണ്ടി ഏതോ സ്ഥലത്തേക്ക് പോയിരുന്നു. ഓഫീസിന്റെ വരാന്തയിലിരുന്ന് കുറേ ചെറുപ്പക്കാർ ബീഡിതെറുക്കുന്നു. ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരും അനുഭാവികളുമായിരുന്നു അവർ. ഒരാൾ *പ്രബോധനം* ഉറക്കെ വായിക്കുന്നു. മറ്റുള്ളവർ ബീഡി തെറുത്തുകൊണ്ടുതന്നെ അത് കേൾക്കുന്നു. ചർച്ചകൾ നടത്തുന്നു. *പ്രബോധനം* മാത്രമല്ല ഇസ്‌ലാമിക സാഹിത്യങ്ങളും ഇങ്ങനെ വായിക്കാറുണ്ടായിരുന്നു. പരവക്കൽ മുഹമ്മദ് എന്ന ഒരു പ്രവർത്തകൻ ഉണ്ടായിരുന്നു. സമർഥനായിരുന്നു അദ്ദേഹം. ബുദ്ധിയുള്ള ബീഡിതെറപ്പുകാരൻ എന്നുവേണം പറയാൻ. അദ്ദേഹത്തിന്റെ മകളെയാണ് സി.ടി സ്വാദിഖ് മൗലവി വിവാഹം ചെയ്തത്.

പരവക്കൽ മുഹമ്മദാണ് ചർച്ചകൾക്ക് നേതൃത്വം നൽകുക. സംശയങ്ങൾക്ക് അദ്ദേഹം മറുപടിയും പറയും. ഇതേ സമ്പ്രദായം മറ്റു പല സ്ഥലങ്ങളിലും ഉണ്ടായിരുന്നു. ബീഡിതെറുക്കുന്ന ഓരോരുത്തരും ഒരു കെട്ട് ബീഡിക്ക് ഒരു ബീഡി എന്ന തോതിൽ ബൈത്തുൽ മാലിലേക്ക് സംഭാവന ചെയ്യും. അത് ഒരുമിച്ചു കൂട്ടി വിൽക്കും. പുസ്തകം വായിക്കുന്ന ആൾക്കും അതുപോലെ ഒരു വിഹിതം നൽകും.

മഗ്‌രിബിന് ശേഷമാണ് ഹാജിസാഹിബ് വന്നത്. ഞങ്ങൾ അദ്ദേഹത്തോടൊപ്പം എടയൂരിലേക്ക് പോയി. രാത്രി അവിടെ താമസിച്ചു. ഹാജിസാഹിബിന്റെ വീട്ടിൽ നിന്നായിരുന്നു ഭക്ഷണം. അവിടെ വരുന്ന അതിഥികൾക്കെല്ലാം അദ്ദേഹത്തിന്റെ വീട്ടിൽനിന്നായിരുന്നു ഭക്ഷണം നൽകിയിരുന്നത്. ഇന്നത്തെ എടയൂർ മസ്ജിദുൽ ഇലാഹിയുടെ സ്ഥാനത്ത് ഒരു ചെറിയ പള്ളിയാണുണ്ടായിരുന്നത്. ഏകദേശം ഇരുപത് പേർക്ക് നമസ്കരിക്കാൻ കഴിയുന്ന ഒരു നമസ്കാരപ്പള്ളി. അതിലാണ് ഞങ്ങൾ താമസിച്ചത്. *പ്രബോധന*ത്തിന്റെ ആസ്ഥാനവും അതു തന്നെ.

## ഔദ്യോഗിക യാത്ര

1951 മാർച്ച് 20-ന് എടയൂരിലെത്താമെന്നായിരുന്നു കൊണ്ടോട്ടിയിൽ വെച്ച് ഹാജിസാഹിബിന് വാക്കുനൽകിയത്. എനിക്കാണെങ്കിൽ കോളേജിൽ വാർഷിക പരീക്ഷ നടത്തേണ്ടതുണ്ടായിരുന്നു. എല്ലാ ക്ലാസ്സുകളിലേക്കുമാവശ്യമായ ചോദ്യപേപ്പറുകൾ ഞാൻ തയാറാക്കി. കാർബൺ പേപ്പർ വെച്ച് എഴുതി തയാറാക്കുകയായിരുന്നു പതിവ്. മാസാന്തം നടത്തിയിരുന്ന പരീക്ഷക്കും അങ്ങനെതന്നെ. മാർച്ച് പത്തൊമ്പതിന് രാത്രി, വൈസ് പ്രിൻസിപ്പൽ കെ.സി അലവി മൗലവിയെ ചോദ്യപേപ്പർ ഏൽപിച്ചു. പ്രിൻസിപ്പൽ മിക്ക സമയങ്ങളിലും കോളേജിൽ ഉണ്ടാകുമായിരുന്നില്ല. എനിക്ക് അത്യാവശ്യമായി പോകേണ്ടതുണ്ടെന്നും ഉത്തര പേപ്പറുകളെല്ലാം ഞാൻ നോക്കിക്കൊള്ളാമെന്നും അലവി മൗലവിയോട് പറഞ്ഞു. പിറ്റേന്ന് രാവിലെ - 1951 മാർച്ച് 20-ന് ഞാൻ എടയൂരിലേക്ക് പുറപ്പെട്ടു.

യാത്രക്കുമുമ്പേ വിവരമറിയിച്ചുകൊണ്ട് ഉപ്പക്ക് കത്തയച്ചിരുന്നു. ഇനി മുതൽ ഞാൻ എടയൂരിൽ ഹാജി വി.പി മുഹമ്മദലി സാഹിബിന്റെ കൂടെയാണുണ്ടാവുക എന്നായിരുന്നു കത്തിൽ എഴുതിയിരുന്നത്. കത്ത് കിട്ടിയ ഉടൻ ഉപ്പ എടയൂരിൽ വന്നു. ഉപ്പ എങ്ങനെ പ്രതികരിക്കുമെന്നറിയാത്തതിനാലാണ് ഞാൻ കത്തെഴുതി അറിയിച്ചത്. ഉപ്പ എടയൂരിലെത്തിയപ്പോൾ ഞാൻ അവിടെ ഉണ്ടായി

രുന്നില്ല. ഹാജിസാഹിബുമൊന്നിച്ച് ഒരു പരിപാടിയിൽ പങ്കെടുക്കാൻ പോയതായിരുന്നു. ഞാൻ തിരിച്ചെത്തിയപ്പോൾ ഉപ്പയെ കണ്ടു. സംസാരിച്ചു. കാര്യങ്ങളെല്ലാം അന്വേഷിച്ച ഉപ്പ എതിർപ്പൊന്നും പ്രകടിപ്പിച്ചില്ല. കൂടുതൽ പഠിക്കണമെന്നു മാത്രം പറഞ്ഞു.

ഉപ്പയുടെ സുഹൃത്തായിരുന്നു കെ.എം മൗലവി എടയൂരിലേക്കുള്ള എന്റെ യാത്രയെക്കുറിച്ചറിഞ്ഞപ്പോൾ കടുത്ത എതിർപ്പാണ് പ്രകടിപ്പിച്ചത്. അദ്ദേഹം ഉപ്പക്ക് കത്തെഴുതി: "നിങ്ങളുടെ മകൻ ഇപ്പോൾ മൗദൂദികളുടെ കൂടെയാണ്. ജമാഅത്തെ ഇസ്‌ലാമി പിഴച്ച സംഘടനയാണ്." ഉപ്പ കെ.എം മൗലവിക്ക് എഴുതിയ മറുപടി ഇങ്ങനെയായിരുന്നു: "ഞാൻ ജമാഅത്തെ ഇസ്‌ലാമിയുടെ ചില പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. അത് ഒരു പിഴച്ച സംഘടനയാണെന്ന് എനിക്ക് തോന്നിയിട്ടില്ല." ഈ മറുപടി കെ.എം മൗലവിയെ ചൊടിപ്പിച്ചു. ഉപ്പയുമായുള്ള അദ്ദേഹത്തിന്റെ ബന്ധം ശിഥിലമായി. മരണം വരെയും അത് നന്നായിരുന്നില്ലെന്നാണ് ഓർമ. ■